<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904</u> <u>31-01-2024 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കുമുള്ള പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണവും ചികിത്സയുമായി ബന്ധപ്പെട്ടും നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രധാന ആരോഗ്യക്ഷേമ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.**<br>• **സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി**<br>**സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം**<br>**പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ രോഗികൾക്കുള്ള ദുരിതാശ്വാസനിധി**<br>**ഗർഭിണികളായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ജനനി ജന്മരക്ഷാ പദ്ധതി**<br>**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംസ്ഥാനത്ത് 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.**<br>**ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും**<br>**ആംബുലൻസ് സേവനം**<br>**ഊരിന്റെ താരാട്ട്**<br>**മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്**<br>**ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്റ്റ് വയനാട്**<br>**മെന്റൽ ഹെൽത്ത് എൻഹാൻസ്മെന്റ് ആന്റ് ലൈവിലിഹുഡ് ഡെവലപ്മെന്റ് പ്രോഗ്രാം - എളംബ്ലാശേരി, എറണാകുളം.** |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് മികവുറ്റ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | **സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാർക്കും ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ വികസന** |

വകുപ്പിന്റെ ധനസഹായത്തോടെ ആരോഗ്യ വകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. സർക്കാർ സ്പോൺസർ ചെയ്യുന്ന എല്ലാ ആരോഗ്യ പരിരക്ഷകളും സംയോജിപ്പിക്കാൻ നിലവിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന KASP (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പട്ടികവർഗക്കാർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത് കൂടാതെ ചുവടെ പറയുന്ന പുതിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

സിക്കിൽ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം

സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപ വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനായി പദ്ധതി നടത്തിപ്പിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ട്രൈബൽ പാരാമെഡിക്സ് ട്രെയിനി

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നേഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന പദ്ധതിയാണ് "ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി. ഇത്തരത്തിൽ നിയമനം നടത്തുക വഴി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ആരോഗ്യ രംഗത്തുള്ള പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇതോടൊപ്പം തന്നെ പ്രായോഗിക പരിചയം ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ ലഭിക്കാത്തതുമായ നിരവധി പേർക്ക് തൊഴിൽ പരിശീലനത്തോടൊപ്പം വരുമാനം ലഭ്യമാക്കാൻ സാധിക്കും.

കാറ്റാടി KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative).

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണ സഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, ബോധവൽകരണം നൽകുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative). സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പും കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന CRC (കോംപോസിറ്റ് റീജിയണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ്, റീഹാബിലിറ്റേഷൻ & എംപവർമെന്റ് ഓഫ് പേർസൺ വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി)) കോഴിക്കോട് എന്ന സ്ഥാപനവും സംയോജിതമായാണ് പദ്ധതി നടപ്പാക്കുന്നത്. എ.ഡി.ഐ.പി (അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസിംഗ്, ഫിറ്റിങ് ഓഫ് എയ്ഡ്സ്, അപ്ലയൻസ്) പദ്ധതി വഴി സംസ്ഥാനത്താകെ 1000 ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് സി.ആർ.സി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.**<br><br>**ഇത്തരത്തിൽ ഭിന്നശേഷി നേരത്തെ മനസിലാക്കി ഇടപെടുന്നത് മൂലം വൈകല്യങ്ങളെ ലഘൂകരിക്കാനും, ഇവർക്ക് സഹായക ഉപകാരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെപ്പറ്റി അവബോധമുണ്ടാക്കാനും ഇതിലൂടെ ഇവർക്ക് മെന്റൽ സപ്പോർട്ട് നൽകാനും സാധിക്കുന്നതാണ്. നിലവിൽ പദ്ധതി ആദ്യഘട്ടത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. തുടർന്ന് പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കുന്നതുമാണ്. 40 % അധികം വൈകല്യമുള്ള, പ്രതിമാസ വരുമാനം 20,000/- രൂപയിൽ കുറവായ എല്ലാ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുന്നതാണ്.**<br><br>**ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ** |
| (സി) | ജീവിതശൈലി രോഗനിർണ്ണയത്തിനും രോഗപ്രതിരോധത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുറഞ്ഞ വരുമാനക്കാർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ? | (സി) | **പട്ടികവർഗ മേഖലകളിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ, പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ച വ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ ആദ്യം തന്നെ കണ്ടെത്തുന്നതിനും ടി രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പ് നേരിട്ട് 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും KMSCL മുഖേന 14** |

| | | | |
|---|---|---|---|
| | | | **മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളും നടപ്പിലാക്കുന്നുണ്ട്. ഇത്തരം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നേരിൽ സന്ദർശിച്ചാണ് ക്യാമ്പുകൾ നടത്തുന്നത്. പട്ടികവർഗ്ഗക്കാരായ മുഴുവൻ BPL കുടുംബങ്ങൾക്കും സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം അർഹമായ ചികിത്സകൾ ലഭ്യമാക്കി വരുന്നുണ്ട്. രോഗികളുടെ കൂട്ടിരുപ്പുകാർക്കും, രോഗിക്കും ആശുപത്രിയിൽ പ്രവേശിക്കുന്ന സമയം നിശ്ചിത തുക പ്രതിദിനം അനുവദിച്ചു നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ